# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5133 06.02.2014-ൽ മറുപടിയ്ക്ക്

### മുഖ്യമന്ത്രിയുടെ 27.10.2013 ലെ കണ്ണൂർ സന്ദർശനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാന പോലീസ് കായികമേളയുമായി ബന്ധപ്പെട്ട ചടങ്ങിൽ പങ്കെടുക്കുന്നതിന് 27.10.2013-ൽ കണ്ണൂരിൽ എത്തിയ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വാഹനത്തിൽ മുഖ്യമന്ത്രിയോടൊപ്പം യാത്ര ചെയ്തവർ ആരൊക്കെയായിരുന്നു ; അവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) സംസ്ഥാന പോലീസ് കായികമേളയുമായി ബന്ധപ്പെട്ട ചടങ്ങിൽ പങ്കെടുക്കുന്നതിന് 27.10.2013- ൽ കണ്ണൂരിലേക്ക് പോയ സമയം ബഹു. മുഖ്യമന്ത്രിയുടെ ഔദ്യോഗിക വാഹനത്തിൽ അദ്ദേഹത്തോടൊപ്പം യാത്ര ചെയ്തിരുന്നവർ 1. ഡ്രൈവർ ശ്രീ. മധു. പി. എ., 2. ശ്രീ. ടി. എ. സിദ്ദിഖ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി, 3.ബഹു. കേരള സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. കെ. സി. ജോസഫ്, 4. ബഹു. മുഖ്യമന്ത്രിയുടെ ഗൺമാൻ ശ്രീ. എൻ രവീന്ദ്രൻപിള്ള എന്നിവരായിരുന്നു. |
| ബി) അന്നേ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന മുഖ്യ മന്ത്രിയുടെ ഗൺമാൻ ആരായിരുന്നു ; മുഖ്യ മന്ത്രിയ്ക്ക് നേരെ കല്ലേറുണ്ടായപ്പോൾ തത്സമയം ഗൺമാൻ കൂടെ വാഹനത്തിൽ ഉണ്ടായിരുന്നുവോ ? | (ബി) അന്നേ ദിവസം ബഹു. മുഖ്യമന്ത്രിയുടെ ഗൺമാൻ ആയി ഡ്യൂട്ടിയിലുണ്ടായിരുന്നത് എസ്.ബി.സി.ഐ.ഡി. സുരക്ഷാ വിഭാഗത്തിലുള്ള ഗ്രേഡ് എസ്. ഐ. ശ്രീ. എൻ. രവീന്ദ്രൻപിള്ള ആയിരുന്നു. പ്രസ്തുത സമയം അദ്ദേഹം ബഹു. മുഖ്യമന്ത്രിയുടെ കൂടെ വാഹനത്തിലുണ്ടായിരുന്നു. |

സെക്ഷൻ ഓഫീസർ